ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം


# തിരുക്കുടുംബം

PARISH BULLETIN

മംഗലവാർത്തക്കാലം - പിറവിക്കാലം 2019

Vol.11 Issue 7





## ഏവർക്കും
## ക്രിസ്തുമസ്സ് പുതുവത്സരാശംസകൾ




ഉദ്ദിഷ്ടകാര്യ സാദ്ധ്യത്തിന്
ഉപകാരസ്മരണ



ലിൻസി & ഫാമിലി

മസ്ക്കറ്റ്



# ഉള്ളടക്കം


| | | |
|---|---|---|
| മുഖമൊഴി | – | 2 |
| ഇടയമൊഴി | – | 3 |
| വിളക്ക് | – | 5 |
| ഇടവക വിശേഷങ്ങളിലൂടെ | – | 7 |
| നിയമബോധനം | – | 15 |


## എഡിറ്റോറിയൽ ബോർഡ്


| | | | |
|---|---|---|---|
| മാനേജിംഗ് എഡിറ്റർ | – | ഫാ. ജോണി ചെരിപുറം | 9447135145 |
| ചീഫ് എഡിറ്റർ | – | ഫാ. ജോസഫ് ചക്കുംമൂട്ടിൽ | 8281738270 |
| സബ് എഡിറ്റേഴ്സ് | – | റോബിൻ കട്ടിക്കാരൻ | 9446602386 |
| | – | വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | – | സുനിൽ പനയ്ക്കൽ | 9387844654 |
| | | സൂസൻ വെട്ടിക്കൊമ്പിൽ | |
| | | കിറ്റിൻ ഗോൾഡ്ഹിൽ | |
| | | കുസുമം ഗോൾഡ്ഹിൽ | |



*Published by* : The Vicar, Holy Family Forane Church,
Ponkunnam. Ph: 04828- 221368

*Layout & Printing:* General Offset Ponkunnam
Ph: 9495496974, 8848953287

2019 ഡിസംബർ ലക്കം

## മുഖമൊഴി

ജീവനുള്ള ഏതിനുമുള്ളതാണ് ജീവിതഭാരം. അവ വ്യത്യാസപ്പെട്ടിരിക്കുമെന്നു മാത്രം. "ആനയ്ക്ക് തടി ഭാരം, എറുമ്പിന് അരി ഭാരം". ഓരോരുത്തരുടെയും ശേഷിക്കനുസൃതമായ ജീവിത ഭാരങ്ങൾ അവർക്ക് നൽകപ്പെട്ടിരിക്കുന്നു. ചിലത് ജീവിത സാഹചര്യങ്ങൾ കൊണ്ടുണ്ടാവുന്നു. ചിലത് സ്വയംകൃതങ്ങളും।।


ജീവിത ഭാരങ്ങളോടുള്ള പ്രതികരണങ്ങൾ വ്യത്യാസപ്പെട്ടിരിക്കും. ചിലർ ഭയപ്പെട്ട് ഓടി ഒളിക്കാൻ ശ്രമിക്കുന്നു. ചിലർ നിഷ്ക്രിയത്വത്തിലേയ്ക്ക് വീഴുകയും അലസതയുടെ ചിറകിലേറി രോഗങ്ങളുടെയും നിരാശയുടെയും കൂടുകളിൽ ചേക്കേറുകയും ചെയ്യുന്നു. മറ്റു ചിലർ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും താഴ്വരകളിൽ കൂടുകൂട്ടുന്നു. ഇനിയുമൊരു കൂട്ടർ തീക്ഷ്ണതയില്ലാതെ ആത്മീയതയിലേയ്ക്ക് തീർത്ഥാടനം നടത്തപ്പെടുന്നു. ഏറെ അപകടകരമായ മറ്റു ചില മാർഗ്ഗങ്ങൾ തേടുന്നവരുമുണ്ട്.

ഓരോരുത്തരും സ്വന്തം ഭാരങ്ങൾ വഹിച്ചേ മതിയാകൂ എന്ന് വി. പൗലോസ് ശ്ലീഹാ നമ്മെ ഉദ്ബോധിപ്പിക്കുന്നു. (ഗലാത്തിയ 6:5). ഇതിന് ഉറച്ച ദൈവവിശ്വാസവും ആത്മ വിശ്വാസവും ഉണ്ടാവണം. ഒരു യഥാർത്ഥ ഈശ്വര വിശ്വാസിക്ക് താൻ ഒറ്റക്കാണെന്ന ചിന്ത ഉണ്ടാകില്ല. തന്നെ താങ്ങാനും തണലേകാനും ദൈവത്തിന്റെ കരം ഉണ്ടെന്ന് അവനറിയാം.

വലിച്ചുകെട്ടിയ കമ്പിയിൽക്കൂടി നടന്ന് സർക്കസ് കാണിക്കുന്നവന്റെ കൈയ്യിൽ ഒരു നീണ്ട മുളക്കമ്പ് കാണാം. അത് അവന് ഒരു ഭാരമല്ല, സഹായമാണ്. ബാലൻസ് നിലനിർത്താൻ അത് അത്യാവശ്യമാണ്. നമ്മുടെ ജീവിതത്തിലും ബാലൻസ് നിലനിർത്താൻ ചില ജീവിത ഭാരങ്ങൾ സന്തോഷത്തോടെ വഹിക്കുന്നത് നല്ലതുതന്നെ.

ജീവിത ഭാരങ്ങൾ ഒഴിവാക്കാനല്ല, അവ വഹിക്കുവാനുള്ള ശക്തി ലഭിക്കാൻവേണ്ടി ഇന്നുതന്നെ പ്രാർത്ഥിച്ചു തുടങ്ങാം, അല്ല ഇപ്പോൾത്തന്നെ പ്രാർത്ഥിച്ചു തുടങ്ങാം

## ഇടയമൊഴി



മിശിഹായിൽ പ്രിയരേ,

പൗരോഹിത്യ സുറിയാനി ക്രമമനുസരിച്ച് മംഗളവാർത്തക്കാലം ആരാധനാ വത്സരത്തിന് തുടക്കം കുറിക്കുന്നു. പാപംമൂലം അധഃപതിച്ച മനുഷ്യവംശത്തെ രക്ഷയുടെ മാർഗ്ഗത്തിലെത്തിച്ച് സ്വർഗ്ഗരാജ്യത്തിന് അവകാശികളാക്കുവാൻവേണ്ടി മനുഷ്യരൂപം പൂണ്ട് നമ്മുടെ ഇടയിൽ വസിച്ച ദൈവപുത്രന്റെ ഈ ലോകത്തിലെ ജനനത്തോടെ സഭയുടെ ആരാധനാ ജീവിതചക്രം തുടങ്ങുന്നത് തികച്ചും യുക്തം തന്നെ.

പൗരോഹിത്യ സുറിയാനി സഭ കർത്താവിന്റെ പിറവിത്തിരുനാളിനെ കേന്ദ്രീകരിച്ചുള്ള ഈ കാലത്തെ മംഗളവാർത്ത എന്നർത്ഥമുള്ള സൂബാറ എന്നാണ് വിളിക്കുക. “നല്ല വാർത്ത അറിയിക്കുക” എന്നർത്ഥമുള്ള ‘സബർ’ എന്ന സുറിയാനി ക്രിയാപദത്തിൽ നിന്നുണ്ടായതാണ് സൂബാറ എന്ന വാക്ക്. ലോകത്തിനു ലഭിച്ച നല്ല വാർത്തയെ അനുസ്മരിപ്പിക്കുന്നതിനുള്ള ദിവസങ്ങളെന്ന നിലയ്ക്കാണ് ഈ പേര് പ്രയോഗത്തിൽ വന്നത്. വാസ്തവത്തിൽ ഗബ്രിയേൽ ദൂതൻ മറിയത്തോട് ഒരു സന്തോഷവാർത്ത അറിയിക്കുന്ന രീതിയിൽ സംസാരിച്ചതായി സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടില്ല. കർത്താവിന്റെ ജനന വാർത്ത അറിയിച്ച ദൂതൻ വയലിൽ രാത്രി ആടുകളെ കാത്തുകൊണ്ടിരിക്കുന്ന ഇടയന്മാരെയാണ് “സർവ്വലോകത്തിനും ഉണ്ടാകുവാനിരിക്കുന്ന ഒരു മഹാസന്തോഷം” അറിയിച്ചത്. ഈ വസ്തുതയാണ് മംഗളവാർത്ത

ക്കാലം എന്ന പേരിന് നിദാനം എന്നു പറയാം. മറിയത്തിനു കിട്ടിയത് അവളിലൂടെ ദൈവം നടത്താനിരുന്ന ക്രമീകരണങ്ങളെക്കുറിച്ചുള്ള അറിയിപ്പു മാത്രമായിരുന്നു. ലോകം മുഴുവനും രക്ഷയും പ്രത്യാശയും സമാധാനവും സന്തോഷവുമെല്ലാം പകരുന്ന കാര്യമായിരുന്നു മറിയത്തിനു ലഭിച്ച വിജ്ഞാപനത്തിന്റെ ഉള്ളടക്കം എന്നതു നേരുതന്നെ. എന്നാൽ മറിയത്തിനും യൗസേപ്പിനും ദൂതൻ പ്രത്യക്ഷപ്പെട്ടത് അത്തരമൊരു വാർത്ത അറിയിക്കുവാനാണെന്ന ഭാവത്തിലല്ല. എങ്കിലും ലോകം മുഴുവനും സന്തോഷം നൽകുന്ന വാർത്ത എന്നു പറഞ്ഞുകൊണ്ട് ദൂതൻ മറിയത്തെ അഭിമുഖീകരിച്ചു എന്ന് പൗരസ്ത്യ സുറിയാനി കാനോന നമസ്ക്കാരത്തിൽ രേഖപ്പെടുത്തി കാണുന്നു.

പണ്ടു ദൂതനിൽ നിന്ന് ഇടയന്മാർക്കു ലഭിച്ച സന്തോഷവാർത്തയിൽ ലയിച്ചു കഴിയുകയാണ് ഈ കാലത്ത് പൗരസ്ത്യ സുറിയാനി സഭ. വളരെ പ്രവാചകന്മാരും നീതിമാന്മാരും കാണുവാനും കേൾക്കുവാനും ആഗ്രഹിച്ച കാര്യം പരമ കാരുണ്യവാനായ ദൈവം ജ്ഞാനികളിൽ നിന്നും വിവേകികളിൽ നിന്നും മറച്ച് സാധാരണക്കാർക്ക് വെളിപ്പെടുത്തി. തന്റെ ഏകജാതനെ നൽകുവാൻ തക്കവണ്ണം അത്രയധികം ലോകത്തെ സ്നേഹിച്ച ദൈവത്തെ അനുഭവിച്ചറിഞ്ഞ സാധാരണക്കാരായ മനുഷ്യരുടെ സഭ ആ ദാനത്തെക്കുറിച്ച് ധ്യാനിച്ച് ആശ്ചര്യത്തിൽ മുങ്ങിക്കഴിയുന്ന ദിവസങ്ങളാണ് മംഗളവാർത്തക്കാലം.

*സ്നേഹത്തോടെ, ജോണിയച്ചൻ*

*(വികാരിയച്ചൻ)*

## വിളക്ക്



ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

സഭ എന്തുകൊണ്ട് വനിതാ പൗരോഹിത്യം അനുവദിക്കുന്നില്ല?

ആധുനിക ലോകം ലിംഗഭേദമെന്യേ മുന്നോട്ടു കുതിക്കുകയാണ്. ഈ മുന്നേറ്റത്തിൽ സമത്വത്തിനുവേണ്ടിയുള്ള ആർപ്പുവിളികൾ നമ്മുടെ സമൂഹത്തിൽ നിരന്തരം മുഴങ്ങുന്നുണ്ട്. സ്ത്രീകളുടെ അവകാശ സമരങ്ങൾക്ക് ഒരു നാട്ടിലും പഞ്ഞമില്ല. സ്ത്രീകൾ പുരുഷന്മാരെപ്പോലെ എല്ലാ ജോലികൾക്കും അർഹരാണ് എന്ന സത്യം ലോകം അംഗീകരിച്ചു കഴിഞ്ഞു. ഈ വിപ്ലവ മുന്നേറ്റത്തിന്റെ അനുരണനങ്ങൾ ശബരിമലയിലും, സിക്കുമതങ്ങളിലും, മുസ്ലീം പള്ളികളിലും ഉയർന്നു വരുന്നുണ്ട്.

ഈ സാഹചര്യത്തിൽ ഉയർന്നു വരുന്ന വിപ്ലവാത്മക ചോദ്യമാണ്, സഭ എന്തുകൊണ്ട് വനിതാ പൗരോഹിത്യം അനുവദിക്കുന്നില്ല എന്നുള്ളത്. കത്തോലിക്കാ സഭ വനിതാ പൗരോഹിത്യം അംഗീകരിക്കുന്നില്ലാത്തത്, സ്ത്രീകൾ പൗരോഹിത്യത്തിന് പ്രകൃത്യാതന്നെ അനർഹർ ആയതുകൊണ്ടല്ല, തികച്ചും വിശ്വാസപരമായ കാരണത്താലാണ്.

വി. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ 1994 ൽ പുറത്തിറക്കിയ "ORDINATIO SACERDOTALIS" എന്ന പേരിലുള്ള പ്രബോധന രേഖയിൽ ഇതിനു മൂന്ന് കാരണങ്ങൾ പറയുന്നുണ്ട്.

1. ഈശോ തന്റെ അപ്പസ്തോല സംഘത്തിലേയ്ക്ക് സ്ത്രീകളെ തിരഞ്ഞെടുത്തില്ല.
2. സഭയുടെ ഇതുവരെയുള്ള പാരമ്പര്യത്തിൽ വനിതാ പൗരോഹിത്യം ഇല്ല.

3. സ്ത്രീകൾക്ക് പൗരോഹിത്യം നൽകാത്തത് ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണ് എന്ന സഭയുടെ പ്രബോധനം.

സ്ത്രീകൾക്ക് പൗരോഹിത്യം നൽകാത്തത് അവരെ രണ്ടാംതരം വ്യക്തികളായി കാണാൻ ഇടയാക്കില്ലേ എന്ന ചോദ്യം പ്രസക്തമാണ്. പക്ഷേ സ്ത്രീകളിൽ ഏറ്റവും അനുഗ്രഹീതയും, ദൈവമാതാവും, സഭയുടെ അമ്മയുമായ മറിയത്തിന് പുരോഹിത സ്ഥാനം ഈശോ നൽകിയില്ല എന്ന വസ്തുത നാം വിസ്മരിച്ചുകൂടാ. അവളാണ് സകല വൈദികന്മാരുടെയും രാജ്ഞിയായി വണങ്ങപ്പെടുന്നത്. അതുകൊണ്ട് വ്യക്തി മഹത്വത്തിന്റെയോ ലിംഗപദവിയുടെയോ വിഷയമല്ല ശുശ്രൂഷ പൗരോഹിത്യം. അത് ശുശ്രൂഷയ്ക്കുള്ള ഒരു വിളിയാണ്. സാമൂഹിക അധികാരത്തിന്റെ അടയാളമായി പൗരോഹിത്യം കാണപ്പെട്ടപ്പോഴാണ് സ്ത്രീകൾക്ക് നിഷേധിക്കപ്പെട്ട ഒരു അവകാശമായി ശുശ്രൂഷ പൗരോഹിത്യം കാണപ്പെടാൻ തുടങ്ങിയത്. എല്ലാ ദൈവജനവും സുവിശേഷം പ്രസംഗിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. എല്ലാ വിശ്വാസികളും ക്രിസ്തുവിന്റെ ബലി അർപ്പിക്കുന്നു. എന്നാൽ വിശ്വാസ സമൂഹത്തിലെ എല്ലാ ശുശ്രൂഷകളുടെയും നേതൃസ്ഥാനം വഹിക്കുന്നയാൾ എന്ന നിലയിൽ പുരോഹിതർക്ക് ബലിയർപ്പണത്തിലും നേതൃസ്ഥാനമുണ്ട്. സഭയിൽ തീരുമാനങ്ങൾ എടുക്കുവാനുള്ള അധികാരം വൈദികന്മാരിൽ നിക്ഷിപ്തമാകുമ്പോൾ പൗരോഹിത്യം മോഹമൂല്യമുള്ള സ്ഥാനമായി കാണപ്പെടും. എന്നാൽ സ്ത്രീകൾ ഉൾപ്പെടുന്ന സഭാസമൂഹത്തെ ശുശ്രൂഷിക്കുന്ന ഒരു വിളിയായി പൗരോഹിത്യത്തെ കണ്ടാൽ അതിന്റെ അന്തഃസത്ത മനസ്സിലാക്കാൻ സാധിക്കും.

പൗരോഹിത്യം ഒഴിച്ച് ബാക്കിയുള്ള എല്ലാ സ്ഥാനമാനങ്ങളും സഭ സ്ത്രീകൾക്ക് നൽകുന്നുണ്ട്. സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി സഭ നൽകിയിട്ടുള്ള സംഭാവനകൾ തികച്ചും ശ്ലാഘനീയമാണ്.

(ശേഷം പേജ് 13 കാണുക)

# ഇടവക വിശേഷങ്ങളിലൂടെ



## സൺഡേ സ്കൂൾ

1. **മതാദ്ധ്യാപക ക്വിസ്**

   കാഞ്ഞിരപ്പള്ളി രൂപതാ വിശ്വാസ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന മതാദ്ധ്യാപക ക്വിസ് - 2019 ഡിസംബർ 21-ാം തീയതി കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്.

2. **അഭിനന്ദനങ്ങൾ**

   കാഞ്ഞിരപ്പള്ളി രൂപത ചെറുപുഷ്പ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ നടന്ന മിഷൻ ക്വിസ് - 2019 ൽ നമ്മുടെ സൺഡേ സ്ക്കൂളിനെ പ്രതിനിധീകരിച്ച് പങ്കെടുത്ത ടീം രണ്ടാം സ്ഥാനം കരസ്ഥമാക്കി. ടീം അംഗങ്ങളായിരുന്ന തെരേസ് സെബാസ്റ്റ്യൻ പുളിക്കത്തുണ്ടിയിൽ, അന്ന മാത്യു പന്തിരുവേലിൽ, മരിയ മാത്യു പന്തിരുവേലിൽ എന്നിവർക്ക് അഭിനന്ദനങ്ങൾ!!

***റോബിൻ കട്ടിക്കാരൻ*** (ഹെഡ്മാസ്റ്റർ)

## വിൻസെൻഷ്യൻ വേദി

രണ്ടു രോഗികൾക്ക് ചികിത്സാ സഹായമായി 6000/- രൂപയും ഒരു വ്യക്തിക്ക് വിവാഹ സഹായമായി 5000/- രൂപയും നൽകി.

ഈ കോൺഫ്രൻസിന്റെ ദത്തു കോൺഫ്രറൻസായ

പുള്ളിക്കാനം സെന്റ് തോമസ് കോൺഫ്രൻസിന് 6000/- രൂപയും നൽകി.

*തോമസ് നരിതൂക്കിൽ (സെക്രട്ടറി)*

## യുവദീപ്തി - S.M.Y.M

1. 2020 വർഷത്തേയ്ക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നവംബർ 23 ഞായറാഴ്ച നടക്കുന്നതാണ്.
2. ഈ വർഷത്തെ യുവജന കൺവൻഷൻ നവംബർ 30 ന് പൊൻകുന്നത്തു വച്ച് നടക്കുന്നതാണ്. പരി. കുർബ്ബാനയും കുമ്പസാരവും മറ്റു ക്ലാസ്സുകളും അന്നേ ദിവസം ഉണ്ടായിരിക്കുന്നതാണ്.

*ജേക്കബ് തേക്കുംതോട്ടം (സെക്രട്ടറി)*

## കത്തോലിക്കാ കോൺഗ്രസ്

ഇടവകയിലെ കുടുംബങ്ങളുടെ പൂർണ്ണ വിവരങ്ങൾ അടങ്ങിയ ഡയറക്ടറി, പള്ളിയുടെ വെബ് സൈറ്റിൽ ചേർക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഡയറക്ടറിയിൽ പേരുവിവരം ഇല്ലാത്തവരും/തിരുത്തലുകൾ ആവശ്യമുള്ളവരും ഡിസംബർ 25-ാം തീയതിക്കുള്ളിലായി ബഹുമാനപ്പെട്ട അച്ചന്മാരുടെ പക്കലോ സംഘടനാഭാരവാഹികളെയോ എഴുതി ഏൽപിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ **9496221922**.

ഡിസംബർ മാസം അവസാനവാരത്തിൽ സംഘടനയുടെ രണ്ടാമത് വാർഷികം സമുചിതമായി നടത്തുന്നതിനും അതിനു മുന്നോടിയായി ക്രിസ്തുമസിനോടനുബന്ധിച്ച് സംഘടനയുടെ ഓഫീസ് പരിസരം മനോഹരമാക്കുന്നതിന് അംഗങ്ങൾ ശ്രമദാനം

നടത്തുന്നതിനും തീരുമാനിച്ചു. **നേത്രദാനത്തിന്റെയും അവയവ ദാനത്തിന്റെയും ബോധവൽകരണം** 2020 ലെ സംഘടനയുടെ പ്രോജക്റ്റായി നടത്തുന്നതിന് തീരുമാനിച്ചു.

*ജോസ് വെച്ചൂക്കുന്നേൽ* (സെക്രട്ടറി)



## സി. വൈ. എം. എ.

1 സെന്റ് ആന്റണീസ് കോളേജിന്റെ ആഭിമുഖ്യത്തിലുള്ള 'സ്റ്റഡി എബ്രോഡ്' പ്രോഗ്രാമിന്റെ ഉദ്ഘാടനം സി.വൈ.എം.എ -യുമായി സഹകരിച്ച് നടത്തി.

2. സി.വൈ.എം.എ യുടെ മുൻ പ്രസിഡന്റും സെക്രട്ടറിയും ആയുഷ്ക്കാല അംഗവുമായിരുന്ന ശ്രീ. എം.ജെ. മാത്യു പൂലാനിമറ്റത്തിലിന്റെ (മാത്തുക്കുട്ടി സാർ) സംസ്ക്കാര ശുശ്രൂഷകൾക്ക് സി.വൈ.എം.എ. അംഗങ്ങൾ സജീവമായി പങ്കെടുത്തു. അദ്ദേഹത്തോടുള്ള ബഹുമാനാർത്ഥം സി.വൈ.എം.എ. ആഫീസിൽ വച്ച് ആദരാഞ്ജലികൾ അർപ്പിച്ചു.

3. ജയിൽ ദിനത്തോടനുബന്ധിച്ച് നവംബർ 9-ാം തീയതി ജയിലിൽ വച്ച് നടത്തിയ പൊതുയോഗത്തിൽ സി.വൈ.എം.എ -യെ പ്രതിനിധീകരിച്ച് പ്രസിഡന്റ്, സെക്രട്ടറി, മറ്റു ഭാരവാഹികൾ പങ്കെടുത്തു.

4. ഡിസംബർ 1-ാം തീയതി ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ പാരിഷ് ഹാളിൽ വച്ച് നടക്കുന്ന 'പൊൻകുന്നം ബ്ലഡ് ഫോറം' രൂപീകരണവുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ തീരുമാനിച്ചു. രക്തം ദാനം ചെയ്യാൻ താല്പര്യമുള്ളവർക്ക് അന്നേ ദിവസം രാവിലെ അവസരമുണ്ടായിരിക്കും.

5. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി 1,50,000 ഓളം രൂപ കൊടുക്കുവാൻ സാധിച്ചു.

6. ജനമൈത്രി പോലീസുമായി സഹകരിച്ച് എല്ലാ വർഷവും നടത്തുന്ന ചുക്കുകാപ്പി വിതരണം ഈ വർഷം 20-ാം തീയതി വെള്ളിയാഴ്ച നടത്തുന്നതാണ്.

*ജോജി മണിയങ്കേരിൽ (ജന: സെക്രട്ടറി)*

## ചെറുപുഷ്പ മിഷൻലീഗ്

1. കാഞ്ഞിരപ്പള്ളി രൂപത ചെറുപുഷ്പ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ നടന്ന മിഷൻ ക്വിസ് - 2019 ൽ മിഷൻലീഗ് അംഗങ്ങളായ തെരേസ് സെബാസ്റ്റ്യൻ പുളിക്കത്തുണ്ടിയിൽ, അന്ന മാത്യു പന്തിരുവേലിൽ, മരിയ മാത്യു പന്തിരുവേലിൽ എന്നിവർ രണ്ടാം സ്ഥാനം കരസ്ഥമാക്കി. ഇവർക്ക് അഭിനന്ദനങ്ങൾ!!
2. പത്ര കളക്ഷൻ നടത്തി.

*ഷെറി മോളോപ്പറമ്പിൽ (ഓർഗനൈസർ)*

## മാതൃവേദി

1. വിവാഹസഹായമായി 10,000/ രൂപാ നൽകി.
2. മാതൃവേദി 2020-21 വർഷത്തേയ്ക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രസിഡന്റ്: ലൂസി തോമസ് മുട്ടത്തുകുന്നേൽ, വൈ.പ്രസിഡന്റ്: മോളി ജോൺ പന്തിരുവേലിൽ, സെക്രട്ടറി: മേരിക്കുട്ടി പൊടിമറ്റം, ജോ. സെക്രട്ടറി: ആശ റ്റോംസി പുതുപ്പള്ളി, ട്രഷറർ: ആനി ജോളി കുളങ്ങര, കൗൺസിലേഴ്സ്: ലിസിപോൾ പന്തിരുവേലി, ലൂസി തോമസ് കതയനാട്ട്, മോളി തോമസ് ഒരപ്പാഞ്ചിറ എത്സമ്മ മുത്തോലി

*ബിന്ദു റ്റിജോ തേക്കുംതോട്ടം* (സെക്രട്ടറി)

# പിതൃവേദി

പിതൃവേദി യൂണിറ്റിന്റെ 5-ാമത് വാർഷിക പൊതുയോഗം 2019 നവംബർ മാസം 3-ാം തീയതി വൈകിട്ട് 5 മണിക്ക് അൽഫോൻസാ ഹാളിൽ ഡയറക്ടർ ഫാ. ജോണി ചെരിപുറത്തിന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിൽ അസി. വികാരി ഫാ. ഉല്ലാസ്, ചക്കുംമൂട്ടിൽ, ഫാ തോമസ് ഈറ്റോലിൽ എന്നിവർ സന്നിഹിതരായിരുന്നു.

യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. എല്ലാ മാസവും അവസാനത്തെ ഞായറാഴ്ച 5 പി.എം. ന് പൊതുയോഗം ചേരുക.
2. മാസവരി 30 രൂപയാക്കി നിജപ്പെടുത്തി. എല്ലാ അംഗങ്ങളും യോഗത്തിനു വരുമ്പോൾ മാസവരി സംഖ്യ കൊണ്ടു വരണം.
3. താഴെപ്പറയുന്നവരെ അടുത്ത രണ്ടു വർഷത്തേയ്ക്ക് ഭാരവാഹികളായി തെരഞ്ഞെടുത്തു.
   ശ്രീ. ജേക്കബ് തോമസ് കുഴിക്കാട്ട് (പ്രസിഡന്റ്)
   ശ്രീ. എം.റ്റി. ജോൺ പൂലാനിമറ്റത്തിൽ (സെക്രട്ടറി)
   ശ്രീ. ജെയിംസ് വയലുങ്കൽ (ട്രഷറർ)
   ശ്രീ. ഔസേപ്പച്ചൻ പൂലാനിമറ്റത്തിൽ (വൈസ് പ്രസിഡന്റ്)
   ശ്രീ. ബെന്നി പുതുപ്പറമ്പിൽ (ജോയിന്റ് സെക്രട്ടറി)
   കമ്മറ്റി അംഗങ്ങൾ: ശ്രീ. സുനിൽ വടക്കേൽ, ശ്രീ. പോൾ ചിറയ്ക്കലാത്ത്, ശ്രീ. മാത്യു മംഗലത്തിൽ, ശ്രീ. റ്റോമി കുരിയിങ്കൽ, ശ്രീ. മോൻസ് മാനുവൽ വട്ടയ്ക്കാട്ട്, ശ്രീ. ഷിബു മോളോപ്പറമ്പിൽ, ശ്രീ. കെ.വി. ഫിലിപ്പ് കുമ്പളന്താനം, ശ്രീ. വർഗ്ഗീസ് ജോസ് തെക്കേക്കോപ്പിൽ, അഡ്വ. വിൻസെന്റ് ആന്റണി കുഴിക്കാട്ട്, ശ്രീ. രാജു പീറ്റർ വരകിൽ

   23-11- 2019 ൽ, ഡയറക്ടർ ഫാ. ജോണി ചെരിപുറത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന 34-ാമത് കമ്മറ്റിയിൽ

ക്രിസ്തുമസ്സിന് പുൽക്കൂടു മത്സരം നടത്തുന്നതിനും, പാതിരാ കുർബ്ബാനയ്ക്കുശേഷം ഇടവകാംഗങ്ങൾക്ക് ചുക്കുകാപ്പിയും കേക്കും വിതരണം ചെയ്യുന്നതിനും തീരുമാനിച്ചു. പുൽക്കൂട് മത്സര വിജയികൾക്ക് 1-ാം സമ്മാനം 5001/- രൂപയും, 2-ാം സമ്മാനം 3001/- രൂപയും, 3-ാം സമ്മാനം 2001/- രൂപയും 4-ാം സമ്മാനം 1001/- രൂപയും നൽകുന്നതിന് തീരുമാനിച്ചു. രജിസ്ട്രേഷൻ നടത്തേണ്ട അവസാന തീയതി ഡിസംബർ 20 ഉം, പുൽക്കൂട് മത്സരത്തിന്റെ രജിസ്ട്രേഷൻ ഫീസ് 250/ രൂപയുമായിരിക്കും.

പിതൃവേദിയുടെ ആഭിമുഖ്യത്തിൽ പള്ളി വക സ്ഥലത്ത് കപ്പ കൃഷി ആരംഭിച്ചു.

*എം.റ്റി. ജോൺ പൂലാനിമറ്റത്തിൽ (സെക്രട്ടറി)*

## അമ്മക്കളരി

കാഞ്ഞിരപ്പള്ളി രൂപതയിൽ നമ്മുടെ ഇടവകയിൽ മാത്രം എട്ട് വർഷത്തോളമായി ഏറെ സജീവമായി പ്രവർത്തിക്കുന്ന ഒരു സംവിധാനമാണ് അമ്മക്കളരി. മക്കളെ വിശ്വാസപരിശീലന ക്ലാസ്സിൽ പറഞ്ഞയച്ചിട്ട് അവരെ കാത്ത് ദൈവാലയത്തിലും പരിസരങ്ങളിലുമിരിക്കുന്ന അമ്മമാരുടെ കൂട്ടായ്മയാണ് അമ്മക്കളരി. മുതിർന്നവരുടെ വിശ്വാസപരിശീലന ഭാഗം കൂടിയാണിത്.

അമ്മമാർ അറിഞ്ഞിരിക്കേണ്ട ധാരാളം വിഷയങ്ങളിൽ ക്ലാസ്സുകൾ, ക്രിയാത്മക പോസിറ്റീവ് ചിന്തകൾ, സ്ട്രെസ്സ് മാനേജ്മെന്റ് പരിശീലനം, നിയമബോധനം, അടുക്കളത്തോട്ടം, ഹാൻഡിക്രാഫ്റ്റ്, പ്രസംഗപരിശീലനം, ആരോഗ്യപരിപാലനം, പ്രാർത്ഥന, ഗാന പരിശീലനം, പേരന്റിംഗ്, ടൂർ, ക്രിസ്തുമസ്സ് ആഘോഷങ്ങൾ തുടങ്ങി ഏറെ ക്ലാസ്സുകളും, പ്രോഗ്രാമുകളും എല്ലാ ഞായറാഴ്ചയും 11.30 എ.എം. മുതൽ 12.45 പി.എം. വരെ അൽഫോൻസാ

ഹാളിൽ വച്ച് നടത്തപ്പെടുന്നു. ബഹു. അച്ചൻമാർ, സിസ്റ്റേഴ്സ്, അദ്ധ്യാപകർ, ഡോക്ടർമാർ, അഡ്വക്കേറ്റ്സ്, അമ്മക്കളരിയിലെ തന്നെ അമ്മമാർ തുടങ്ങിയവർ ക്ലാസ്സുകൾ നയിക്കുന്നു.

കൂടാതെ തവി, തൊട്ടിൽ, സ്വരം, താലി, ഉപ്പ് തുടങ്ങിയ പുസ്തകങ്ങളും അമ്മക്കളരി പ്രസിദ്ധീകരിച്ചിട്ടുണ്ട്. രൂപതാ വിശ്വാസ പരിശീലന കേന്ദ്രത്തിന്റെ പ്രശംസ ലഭിച്ച ഈ അമ്മക്കളരിയുടെ മാതൃക മറ്റ് ഇടവകകളും അനുകരിച്ചു തുടങ്ങി.

ഈ കൂട്ടായ്മയിൽ ചേർന്ന് മക്കൾക്കുവേണ്ടി ചിന്തിക്കുവാനും, പ്രവർത്തിക്കുവാനും, പ്രാർത്ഥിക്കുവാനും, പഠിക്കുവാനും എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

---

(പേജ് 6 ൽ നിന്ന് തുടർച്ച....)

സ്ത്രീകളുടെ സംഭാവന വിശുദ്ധ ഗ്രന്ഥത്തിൽ അതി വിശിഷ്ടമാണ്. ബൈബിളിൽ കാണുന്ന പ്രശസ്തരായ സ്ത്രീകളാണ് മറിയം, ദെബോറ, റൂത്ത്, യൂദിത്ത്, എസ്തേർ, എലിസബത്ത്, പരി. കന്യകാമറിയം തുടങ്ങിയവർ. ഇവരെ ധൈര്യം, വിശുദ്ധി, വിശ്വാസം എന്നിവയുടെ മാതൃകകളായി എടുത്തു കാണിക്കുന്നു.

ഒരിക്കൽപോലും വി. ഗ്രന്ഥത്തിൽ ഈശോ സ്ത്രീകളെ പൗരോഹിത്യത്തിലേയ്ക്ക് വിളിച്ചതായി തെളിവുകളൊന്നുമില്ല. അത് സഭയുടെ നൂറ്റാണ്ടുകൾ പഴക്കമുള്ള വിശുദ്ധ പാരമ്പര്യങ്ങളിലുമില്ല. സഭയുടെ വിശ്വാസ പ്രബോധനത്തിലുമില്ല. അതിനാൽ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന തിരുസ്സഭയുടെ പ്രബോധനങ്ങളോട് നമ്മുക്കും നമ്മുടെ ഹൃദയങ്ങളെ ചേർത്തുവയ്ക്കാം.

***ഫാ. ജോസഫ് ചക്കുംമൂട്ടിൽ***

***(കൊച്ചച്ചൻ)***



## തിരുസ്സഭയിലെ നവസൂനങ്ങൾ

1. ജോസഫ് വരകിൽ
2. സാറ പുതുപ്പറമ്പിൽ
3. തെരേസ നെടുംപുറത്ത്
4. അന്ന ആലഞ്ചേരിൽ
5. ഫ്രാൻസിസ് പൂന്തോട്ടത്തിൽ

## ഓർമ്മകളിലേയ്ക്ക്

1. ബാബു തെങ്ങുംതോട്ടത്തിൽ
2. ബിജു നെടുംതൊട്ടിയിൽ
3. മാത്യു പൂലാനിമറ്റത്തിൽ
4. തോമസ് പുതുപ്പറമ്പിൽ
5. അന്നമ്മ വെച്ചൂക്കുന്നേൽ
6. മേരി ചക്കാലയ്ക്കൽ (പനയ്ക്കൽ)



## നമ്മൾ ഒന്നായി

1. അനൂപ് & സ്നേഹമോൾ - പേഴത്തുവയലിൽ

## അറിയിപ്പ്

**ഇടവക / സഭാവാർത്തകൾ ഇടവക ജനങ്ങളെ യഥാസമയം അറിയിക്കുന്നതിന് ഒരു പുതിയ വാട്സാപ്പ് ഗ്രൂപ്പ് HFC Ponkunnam A, B,C, D, E എന്ന പേരിൽ തുടങ്ങി. 2019 പാരിഷ് ഡയറക്ടറിയിൽ നിങ്ങൾ നൽകിയ മൊബൈൽ നമ്പരിന് വാട്ട്സാപ്പ് ഇല്ലാത്തപക്ഷം നിങ്ങളുടെ വാട്ട്സാപ്പ് നമ്പർ എത്രയും വേഗം പള്ളിയിൽ ഏൽപ്പിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. പേരും വീട്ടുപേരും കൂട്ടായ്മാ നമ്പരും ഫോൺ നമ്പരും എഴുതി നൽകണം.**

**ബോബൻ മണ്ണാറാത്ത്**
അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്, പൊൻകുന്നം. 9447 525 615

# മയക്കുമരുന്നുകൾ

മയക്കുമരുന്നിന്റെ നിർവ്വചനത്തിൽ കറുപ്പ്, കറുപ്പുചെടി, കൊക്കോയുടെ ഇല, ചരസ്, കഞ്ചാവ് മുതലായവയെല്ലാം ഉൾപ്പെടും, ഇതു കൂടാതെ എൽ.എസ്.ഡി. മുതലായ മറ്റു ലഹരിസാധനങ്ങളും നിമയത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത്തരം ലഹരി പദാർത്ഥങ്ങളുടെ ഒരു ലിസ്റ്റുണ്ടാക്കി പട്ടികയായി ആക്ടിൽ ചേർത്തിട്ടുണ്ട്. അവയെല്ലാം തന്നെ മനോവിഭ്രാന്തി ഉണ്ടാക്കുന്ന ലഹരിപദാർത്ഥങ്ങളാണ്. ഈ മയക്കുമരുന്നുകൾ വിൽപ്പനയ്ക്ക് കൈവശം വയ്ക്കുന്നതുമാത്രമല്ല കുറ്റകരമാക്കിയിട്ടുള്ളത്. വളരെ ചെറിയ തോതിൽ പോലും സ്വന്തം ഉപയോഗത്തിനു കൈവശം വയക്കുന്നത് 27-ാം വകുപ്പനുസരിച്ച് കുറ്റകരവും ശിക്ഷാർഹവുമാണ്. കൊക്കയിൻ, മോർഫിൻ മുതലായ മയക്കുമരുന്നുകൾ സ്വന്തം ഉപയോഗത്തിനു കൈവശം വയക്കുന്നവരെ ഒരു കൊല്ലം വരെ തടവും പിഴയും ശിക്ഷിക്കാം. കറുപ്പ്, കഞ്ചാവ് മുതലായ മയക്കുമരുന്നുകൾ നിയമവിരുദ്ധമായി കൃഷി ചെയ്യുക, കയറ്റിറക്കുമതി നടത്തുക, മറ്റേതെങ്കിലും രീതിയിൽ വിപണനം നടത്തുക എന്നിങ്ങനെയുള്ള കുറ്റകൃത്യങ്ങൾക്ക് വളരെ കടുത്ത ശിക്ഷയാണ്. ഏറ്റവും കുറഞ്ഞ ശിക്ഷ പത്തു കൊല്ലം തടവും ഒരു ലക്ഷം രൂപ പിഴയുമാണ്. തടവിന്റെ കാലാവധി ഇരുപതു കൊല്ലം വരെ ആകാം. ഈ കുറ്റകൃത്യങ്ങൾക്ക് ഏതെങ്കിലും വിധത്തിൽ സഹായിയായിരുന്നുവെന്നു കണ്ടാൽ അയാളും ശിക്ഷാർഹനായിത്തീരുന്നു. മയക്കുമരുന്നുകൾ നിയമവിരുദ്ധമായി കടത്തുന്നതിനു സാമ്പത്തിക സഹായം ചെയ്യുന്നവരും കുറ്റവാളികളെ ഒളിപ്പിക്കുന്നവരും ഈ നിയമത്തിന്റെ വലയിൽപ്പെടുന്നു. കുറ്റകൃത്യങ്ങൾ വീണ്ടും നടത്തിയെന്നു കണ്ടാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ മരണശിക്ഷവരെ കൊടുക്കാം.

സാധാരണ ഗതിയിൽ ഈ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട് അറസ്റ്റ് ചെയ്യുന്നവർക്ക് ജാമ്യം അനുവദിക്കാറില്ല. ഒരു പ്രത്യേക കോടതിയാണ് മയക്കുമരുന്നുകളുടെ കേസുകൾ വിചാരണ ചെയ്യുന്നത്. ഓരോ ജില്ലയിലും ആ ജില്ലയിലെ സെഷൻസ് ജഡ്ജിയെയും അഡീഷണൽ സെഷൻസ് ജഡ്ജിയെയും ഈ കേസുകൾ വിചാരണ ചെയ്യുവാൻ അധികാരപ്പെടുത്തിയിട്ടുണ്ട്. മയക്കുമരുന്നുകളുടെ നിയമവിരുദ്ധരായ കടത്ത് ക്രമാതീതിമായി വർദ്ധിച്ചതോടുകൂടി 1988 Prevention of Illicit Traffic in Narcotic Drugs and Psychotropic Substance Act എന്നൊരു നിയവും കൂടി പാസ്സാക്കിയിട്ടുണ്ട്. നിയമം കൊണ്ടു മാത്രമായില്ല മയക്കുമരുന്നുകളുടെ ഉപയോഗം കൊണ്ടുണ്ടാക്കുന്ന ഗുരുതരമായ വിപത്തുകളെപ്പറ്റി സമൂഹത്തിനു ബോധമുണ്ടായെങ്കിൽ മാത്രമേ ഈ ദുരന്തത്തെ ഒഴിവാക്കാനാവൂ. ഇക്കാലയളവിൽ വിദ്യാർത്ഥികളുടെ കൗമാരക്കാരുടെയും ഇടയിൽ മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിച്ച് വരുന്നതായി കാണുന്നുണ്ട്.

വളർന്നു വരുന്ന തലമുറയുടെ ആരോഗ്യകരമായ ജീവിതത്തിന് ഏറ്റവും വലിയ ഭീഷണിയായിത്തീർന്നിരിക്കുകയാണ് മയക്കുമരുന്നുകൾ. ഈ ലഹരിപദാർത്ഥങ്ങളുടെ അടിമകളായി ജീവിതം നശിപ്പിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നു. ഈ ആഗോള വിപത്തിനെ നേരിടുന്നതിനും ഫലപ്രദമായി നിയന്ത്രിക്കുന്നതിനും 1971 ൽ ലോക രാഷ്ട്രങ്ങൾ ഒരു സമ്മേളനം വിളിച്ചുകൂട്ടി. അതിൽ ഇന്ത്യയും ഭാഗഭാക്കായിരുന്നു. ആ കൺവെൻഷൻ പല സുപ്രധാന പരിപാടികളും ആസൂത്രണം ചെയ്തു. കൺവെൻഷൻ അംഗീകരിച്ച തീരുമാനങ്ങൾക്കു നിയമപ്രാബല്യം കൊടുക്കുന്നതിനും മയക്കുമരുന്നുകളുടെ ഉപയോഗവും വിപണവും കർശനമായി തടയുന്നതിനും 1985 ൽ Narcotic Drugs and Psychotropic Substance Act പാസ്സാക്കി. 1989 ലും 2009 ലും ഈ നിയമങ്ങളിൽ വീണ്ടും ഭേദഗതികൾ വരുത്തി കർശനമാക്കിയിട്ടുണ്ട്.

കാഞ്ഞിരപ്പള്ളി രൂപത ചെറുപുഷ്പ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ നടന്ന മിഷൻ ക്വിസ് – 2019 ൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ തെരേസ് സെബാസ്റ്റ്യൻ പുളിക്കത്തുണ്ടിയിൽ, അന്ന മാത്യു പന്തിരുവേലിൽ, മരിയ മാത്യു പന്തിരുവേലിൽ എന്നിവർക്ക് അഭിനന്ദനങ്ങൾ!!



## 8 – ാം ചരമ വാർഷികം



പി. ജി. എബ്രാഹം
(ജോയി)
ചാരുവിള പുത്തൻവീട്

## സ്നേഹസ്മരണയ്ക്ക്




**P.V. Jose**
Panackal
Death 12.09.19



**Kuttiyamma**
(Mary)
Chakkalackal
Death 16-11-19

# പാവന സ്മരണയ്ക്ക്







**പി.റ്റി.സേവ്യർ & അന്നക്കുട്ടി സേവ്യർ**
**പിടിയഞ്ചേരിൽ**
**പൊൻകുന്നം**

ജനനം: 11-11-1931
മരണം: 23-05-2013

ജനനം: 07-12-1935
മരണം: 07-11-2010

**മേഴ്സി പോൾ**
**പിടിയഞ്ചേരിൽ**
**പൊൻകുന്നം**

ജനനം: 10-01-1967
മരണം: 02-12-2015